# Deepika

## 17 July 2018

## Aluva, Manappuram, Periyar River Overflowed, Flood, Heavy Rain

# പെരിയാർ കരകവിഞ്ഞു

## മണപ്പുറത്ത് മഹാദേവന് ആറാട്ട്



ആലുവ മണപ്പുറത്തും ശിവക്ഷേത്രത്തിലും വെള്ളം കയറിയപ്പോൾ

**ആലുവ:** കനത്ത മഴയിൽ പെരിയാർ കരകവിഞ്ഞൊഴുകി. മണപ്പുറത്തെ ക്ഷേത്രവും വിഗ്രഹവും മുങ്ങിയതോടെ ഇന്നലെ പുലർച്ചെ ക്ഷേത്രത്തിൽ ആറാട്ട് ഉത്സവം നടന്നു. പെരിയാറിലെ ജലനിരപ്പ് ഉയർന്ന് മണപ്പുറത്തെ ക്ഷേത്രവും സ്വയംഭു വിഗ്രഹവും വെള്ളത്തിലാകുന്നതോടെയാണ് ഇവിടെ ആറാട്ടു നടക്കാറ്. പുലർച്ചെ 3.15ന് നടന്ന ആറാട്ടു കാണാൻ നൂറുകണക്കിനു ഭക്തരാണ് ഉറക്കമിളച്ചു കാത്തിരുന്നത്. ആൽത്തറയിലെ ക്ഷേത്രത്തിൽ ആറാട്ട് ഉത്സവത്തിന്റെ ഭാഗമായി പ്രത്യേക പൂജകൾ നടന്നു. ക്ഷേത്രം മേൽശാന്തി മുല്ലപ്പിള്ളി മനയിൽ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ മുഖ്യ കാർമികത്വത്തിലാണ് പൂജകൾ .

തിരുവിതാംകൂർ ദേവസ്വം ബോർഡും ക്ഷേത്ര ഉപദേശക സമിതിയുമെല്ലാം ചടങ്ങുകൾക്ക് നേതൃത്വം നൽകി. വെള്ളം ഇറങ്ങിയശേഷം ശിവലിംഗം തെളിയുന്നതോടെ ഭക്തജനങ്ങളുടെ നേതൃത്വത്തിൽ ക്ഷേത്രത്തിൽ ആറാട്ടു സദ്യയും നടക്കും. ആലുവ പ്രദേശങ്ങളിൽ ഇന്നലെ പകൽ മഴ കുറവായിരുന്നെങ്കിലും ജലനിരപ്പ് ഉയരുകയായിരുന്നു. ക്ഷേത്രത്തിന്റെ മേൽകൂരയിൽ വരെ വെള്ളം കയറി. മഴക്കാലത്ത് മൂന്നു തവണ പെരിയാർ കരകവിഞ്ഞ് ക്ഷേത്രത്തിൽ വെള്ളം കയറിയെങ്കിലും ആറാട്ട് ഉത്സവം നടന്നിരുന്നില്ല.